## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2148

18.03.2015-ലെ മറുപടിയ്ക്ക്

### കേരളാ കോ ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങളും സുരക്ഷിതത്വത്തിനായി സർക്കാർ സ്വീകരിച്ച് ഡെപ്പോസിറ്റ് ഗാരന്റി ഫണ്ട് ബോർഡിൽ വിഹിതം അടയ്ക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) സഹകരണ സംഘം രജിസ്ട്രാർ നോട്ടിഫൈ ചെയ്യുന്ന സംഘങ്ങളെ നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗങ്ങളായി ചേർക്കുന്നു. ടി സംഘങ്ങളിൽ ടി സ്കീം നിലവിൽ വന്ന സാമ്പത്തിക വർഷാവസാനമുള്ള നിക്ഷേപ തുകയുടെ ബാക്കി നില്പിന് 100 രൂപക്കും അതിന്റെ ഭാഗങ്ങൾക്കും 10 പൈസ എന്ന നിരക്കിലും തുടർന്ന് നിക്ഷേപ സംഖ്യ വർദ്ധിക്കുന്ന മുറക്ക് വർദ്ധനവിന് മേല്പറഞ്ഞ നിരക്കിന് ആനുപാതികമായും സംഘം ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിൽ തുക ഒടുക്കണം. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നതും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലെ |

നിക്ഷേപങ്ങൾക്കാണ് നിക്ഷേപ സുരക്ഷാ പദ്ധതി ബാധകമായിട്ടുള്ളത്. ഇത്തരം സംഘങ്ങൾ നിക്ഷേപ സുരക്ഷാ സ്കീമിൽ ചേരണമെന്നും സ്കീമിൽ ചേരാത്ത സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അവകാശം നഷ്ടമാകുമെന്നും, ഇത്തരം സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നതിൽ നിന്നും വിലക്ക് കല്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തിയും കേരള സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഒരു നിക്ഷേപകന് ഒരു ലക്ഷത്തിനുമേൽ നിക്ഷേപം ഉണ്ടെങ്കിൽ ക്ലെയിം ഒരുലക്ഷം മാത്രം എന്ന നിബന്ധന നിക്ഷേപകന് സുരക്ഷിതത്വം ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കാൻ ശ്രമിക്കുമോ;

(ബി) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതും നിക്ഷേപം സ്വീകരിക്കുന്നതുമായ സഹകരണ സംഘങ്ങളിലെ ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നരലക്ഷം രൂപ വരെ ഗ്യാരന്റി നൽകുന്നതിനാണ് നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പാക്കിയിട്ടുള്ളത്. ഒന്നര ലക്ഷം രൂപക്കുമുകളിൽ വരുന്ന നിക്ഷേപങ്ങൾക്ക് ക്ലെയിം ഒന്നരലക്ഷം രൂപ ആയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

| | | | |
|---|---|---|---|
| (സി) | നിക്ഷേപകന്റെ മുഴുവൻ തുകയ്ക്കും സുരക്ഷിതത്വം നൽകുന്ന കാര്യം പരിഗണിക്കുമോ; | (സി) | പരിഗണനയിലില്ല. |
| (ഡി) | കേരളാ കോ ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിന്റെ ഉദ്ദേശ ലക്ഷ്യം അറിയിക്കാമോ? | (ഡി) | നിക്ഷേപകന്റെ താല്പര്യം സംരക്ഷിക്കുന്നതിനായി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ തുടങ്ങി നിക്ഷേപം സ്വീകരിക്കുന്നതും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ മാത്രം വരുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപവരെ ഗ്യാരന്റി നൽകുക എന്നതാണ് കേരള കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിന്റെ ഉദ്ദേശലക്ഷ്യം. |

സെക്ഷൻ ഓഫീസർ